No.CEE/1800/B.Tech (LE)-2020/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## ബി.ടെക് (ലാറ്ററൽ എൻട്രി)–2020 കോഴ്സിലേയ്ക്കുള്ള പ്രവേശനം

## റാങ്ക് ലിസ്റ്റും, താത്ക്കാലിക കാറ്റഗറി ലിസ്റ്റും പ്രസിദ്ധീകരിച്ചു

2020-21 അദ്ധ്യയനവർഷത്തേക്കുള്ള ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ളവരുടെ റാങ്ക് ലിസ്റ്റും, താത്ക്കാലിക കാറ്റഗറി ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ 'B.Tech (Lateral Entry)2020- Candidate Portal' എന്ന ലിങ്കിലെ **'Result'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ വിദ്യാർത്ഥികൾക്ക് അവരവരുടെ റാങ്ക് ദൃശ്യമാകുന്നതാണ്. നിശ്ചിത യോഗ്യത നേടിയിട്ടുള്ള Diploma/D.Voc വിദ്യാർത്ഥികളുടെയും ബി.എസ്.സി സ്ട്രീമിലെ വിദ്യാർത്ഥികളുടെയും റാങ്ക് ലിസ്റ്റ് പ്രത്യേകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അപേക്ഷയിലെ/മാർക്കിലെ അപാകതകൾ മൂലവും മറ്റ് പല കാരണങ്ങളാലും മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞു വച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ റാങ്ക് പ്രസിദ്ധീകരിക്കുന്നതാണ്. 16.11.2020 രാവിലെ 11.00 മണിക്ക് മുൻപായി അപാകതകൾ പരിഹരിക്കേണ്ടതാണ്.

ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് 'Candidate Portal' ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ കാറ്റഗറി ലിസ്റ്റ് പരിശോധിച്ച് ലിസ്റ്റിലെ അവരവരുടെ സ്ഥാനം ബോധ്യപ്പെടേണ്ടതാണ്.

പ്രോസ്പെക്ടസ് പ്രകാരമുള്ള രേഖകൾ അപ്‌ലോഡ് ചെയ്യാതിരുന്ന വിദ്യാർത്ഥികളുടെ സംവരണാനുകൂല്യത്തിനുള്ള അവകാശവാദം തടഞ്ഞുവച്ചിരിക്കുകയാണ്. 16.11.2020, രാവിലെ 11.00 മണിയ്ക്കുള്ളിൽ ന്യൂനത പരിഹരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ന്യൂനത പരിഹരിക്കാത്ത പക്ഷം അത്തരം വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തുകയും തദ്ദനുസരണം അലോട്ട്മെന്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്.

റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. ബി.ടെക് (ലാറ്ററൽ എൻട്രി) പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 4.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. ബി.ടെക് (ലാറ്ററൽ എൻട്രി) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കപ്പെട്ട യോഗ്യതാ പരീക്ഷയിലെ മാർക്ക് വിവരങ്ങളും പ്രവേശന സമയത്ത് കോളേജ് അധികാരികൾ

പരിശോധിക്കുന്നതാണ്. സമർപ്പിക്കപ്പെട്ട മാർക്ക് വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കണ്ടെത്തുന്ന പക്ഷം പരീക്ഷാർത്ഥിത്വം റദ്ദാകുന്നതാണ്.

ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 16.11.2020 ഉച്ചയ്ക്ക് 12.00 മണി വരെയായി ദീർഘിപ്പിച്ചു. Computer Hardware Engineering ഡിപ്ലോമ പാസ്സായി പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് B.Tech Electronics and Communication-ന് കൂടി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ ഇവരുടെ അലോട്ട്മെന്റ് താത്ക്കാലികവും സർക്കാർ ഉത്തരവുകൾക്ക് വിധേയവുമായിരിക്കും.

## അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **16.11.2020, 3.00 pm** | Facility for Option Registration ends. |
| **18.11.2020** | Publication of First Phase allotment |
| **19.11.2020, 20.11.2020, 21.11.2020** | Joining of the candidates in the allotted Colleges |

കുറിപ്പ്: *1. 16.11.2020 ന് രാവിലെ 11.00 മണിക്ക് മുമ്പായി അപേക്ഷയിലെ/മാർക്കിലെ അപാകതകൾ പരിഹരിക്കാത്ത പക്ഷം അത്തരം വിദ്യാർത്ഥികളുടെ അലോട്ട്മെന്റിൽ ലഭിച്ചിട്ടുള്ള ഓപ്ഷനുകൾ റദ്ദാകുന്നതാണ്.*

*2. റോയൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് &ടെക്നോളജി, തൃശ്ശൂർ ന്റെ ബി.ടെക് (ലാറ്ററൽ എൻട്രി) കോഴ്സിന്റെ ഫീസ് 15,000/-രൂപ ആയിരിക്കും.*

**ഹെൽപ് ലൈൻ നം. 0471 2525300**

തിരുവനന്തപുരം
13.11.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**